LIBRARY ARCHIVES Kerala Legislative Assembly

കടിവെള്ളം

184 (2464) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് അടിയന്തരഘട്ടങ്ങളിൽ വെള്ളം നൽകുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജല അതോറിറ്റിയ്ക്ക് നാമമാത്രമായ തുക നൽകി ജീവനക്കാരുടെ ഒത്താശയോടെ കുടിവെള്ള മാഫിയ ടാങ്കറുകളിൽ വെള്ളം കടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു തവണ എടുക്കുന്ന പാസ് ഉപയോഗിച്ച് ഒരു ദിവസം പല തവണ വെള്ളം കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിവെള്ള മാഫിയയുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടിയന്തര ഘട്ടങ്ങളിൽ ടാങ്കർലോറി വഴി കുടിവെള്ളം വിതരണം ചെയ്യാറുണ്ട്. വാട്ടർ അതോറിറ്റിയുടെ ടാങ്കർ ലോറികൾക്ക് പുറമേ തദ്ദേശ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ഏർപ്പാടു ചെയ്യുന്ന ടാങ്കർ ലോറികൾ വഴിയും അടിയന്തരഘട്ടങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാറുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആക്ഷേപം ലഭിച്ചാൽ അതിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി

185 (2465) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ?